**ബേബി എടത്വാ**
കണ്ടത്തിൽ വീട്
എടത്വാ തെക്ക്
എടത്വാ. P O.-689573.
edathuababi@gmail.com



. കഥാകൃത്ത്, തിരക്കഥാകൃത്ത്, ആക്ടർ, സാമൂഹ്യ പ്രവർത്തകൻ.

'അവകാശമില്ലാത്ത അവകാശികൾ' കഥാസമാഹാരം.പ്രസിദ്ധീകരിച്ചിട്ടുണ്ട്. തകഴി ചെറുകഥാ മത്സരത്തിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

'റാഹേൽ മകൻ കോര'-സിനിമയുടെ കഥ, തിരക്കഥ, സംഭാഷണം.

5 സിനിമകളിലും അനേകം സീരിയലുകളിലും ഷോർട് ഫിലിമുകളിലും കാരക്ടർ വേഷം ചെയ്തു. അനവധി ഷോർട്ഫിലിമുകൾ, ഡോക്കുമെന്ററികൾ, ഏകാങ്കനാടകങ്ങൾ എഴുതിയിട്ടുണ്ട്

ഭാര്യ,രണ്ടു മക്കൾ.

ഇതോടൊപ്പം അയയ്ക്കുന്ന 'ആരെങ്കിലും വരും'എന്ന ഈ ചെറുകഥ ഇതിനുമുൻപ് എവിടെയും പ്രസിദ്ധീകരിച്ചിട്ടില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

. ബേബി എടത്വാ.

# ' ആരെങ്കിലും വരും '

പഴകി തുരുമ്പെടുത്തു തുടങ്ങിയ ആ സൈക്കിൾ ഇത്ര ദൂരം ചവുട്ടി വരുന്നതു തന്നെ ക്ലേശകരമായ ഒരു ജോലിയാണ്, എങ്കിലും കൃത്യം ഒൻപതു മണിക്കു തന്നെ അതിൽ അയാൾ അവിടെ എത്തി. പലരും പറഞ്ഞു 'ഇപ്പോ ഈ സൈക്കിളൊക്കെ താൻ അല്ലാതെ ആരാ ചവിട്ടുക?!. ഇപ്പോ ആധാർ കാർഡിന്റെയും റേഷൻ കാർഡിന്റെയും കോപ്പി കൊടുത്താൽ ഒരു ടൂ വീലർ സ്വന്തമാക്കാം, തരം പോലെ തവണകൾ അടച്ചു തീർത്താൽ പോരെ? തവണ തെറ്റിയാൽ തന്നവർ തന്നെ അത് തിരികെ എടുത്തു കൊണ്ടു പോകുമെന്നു മാത്രം ആരും പറഞ്ഞില്ല. അയാളും അതൊക്കെ ആഗ്രഹിയ്ക്കാഞ്ഞല്ല, തവണകൾ കൃത്യമായി അടയ്ക്കാൻ കഴിയും എന്ന വിശ്വാസം അയാൾക്ക് ഇല്ലായിരുന്നു. നിറം മങ്ങിയ ശീല കുടയ്ക്കു താഴെ നിറമുള്ള ടീ ഷർട്ടുകൾ ഹാങ്ങറുകളിൽ കോർത്ത് തൂക്കി ഇടുകയാണ് ആദ്യത്തെ ജോലി. എല്ലാം ഒരുവിധം മെനയായി ചെയ്തു തീർക്കാൻ കുറഞ്ഞത് അര മണിക്കൂർ നേരമെടുക്കും അയാളുടെ വരവ് പ്രതീക്ഷിച്ചിരുന്നതു പോലെ ഒരു വരയൻ കൊറ്റി അയാളുടെ തലയ്ക്കു മുകളിലൂടെ ചിറകടിച്ചു റോഡിന്റെ അപ്പുറത്തെ ഉണങ്ങി വരണ്ട പാട വരമ്പിലേക്ക് താഴ്ന്നിറങ്ങി, കെട്ടിക്കിടക്കുന്ന ഇത്തിരി വെള്ളത്തിൽ കണ്ണു നട്ട് ഇരിപ്പായി; അനവധി നാളുകളായി അയാൾ അതിനെയും അത് അയാളെയും കാണുന്നു.

പത്തിനു തുറക്കുന്ന ബിവറേജ് സ്റ്റോറിന്റെ ക്യൂവിൽ ആദ്യ ഇടം പിടിക്കാനായി അര മണിക്കൂർമുൻപു തന്നെ ആളുകൾ എത്തി തുടങ്ങും. ഷട്ടർ തുറക്കും വരെയുള്ള കാല വിളമ്പത്തിന്റെ വിരസത ഒഴിവാക്കാനായി ആരാനും ഒരുവന് ഒരു ബനിയൻ വാങ്ങണമെന്നു തോന്നിയാൽ..?! അതാണ് പത്തിനു മുൻപെത്തി ടീ ഷർട്ടുകൾ നിരത്താനുള്ള അയാളുടെ പ്രചോദനം . ആദ്യം മദ്യം വാങ്ങും, പണം മിച്ചമുണ്ടെങ്കിൽ മറ്റെന്തെങ്കിലും, അതാണ് മദ്യപരുടെ ഒരു രീതി.

പലപ്പോഴും വില പേശലിനൊടുവിൽ ലാഭം അല്പവും ഇല്ലാതെയും ബനിയൻ വിൽക്കേണ്ടി വരും; മുതൽ ഇരുന്നു നശിക്കുന്നതിലും ലാഭം ചരക്കൊഴിഞ്ഞു പോകുന്നതാണെന്ന് ഇതിനോടകം അയാൾ പഠിച്ചിരിക്കുന്നു.

ബനിയനുകൾക്ക് ഇപ്പോൾ ചെലവ് കുറവാണ്. അയാൾ അവിടെ കച്ചവടം തുടങ്ങിയ ആദ്യനാളുകളിൽ ദിവസം തീരാറാകുമ്പോഴേക്കും പത്തിരുപതിനടുത്ത് വിറ്റു പോകുമായിരുന്നു; ഇപ്പോഴതു പത്തിനു താഴെ ആയിരിക്കുന്നു; ആളുകൾക്ക് ടീ ഷർട്ടുകളോടുള്ള താൽപ്പര്യം കുറഞ്ഞതാവാം, മനുഷ്യ പ്രകൃതം തന്നെ അതാണല്ലോ? വ്യത്യസ്തതകളോടുള്ള അഭിനിവേശം; ഒന്നു കിട്ടുമ്പോൾ, ഇല്ലാത്ത മറ്റൊന്ന് ആഗ്രഹിക്കുക. സർവ്വ വ്യാപികളായ ലോട്ടറി കച്ചവടക്കാരും അതിനൊരു കാരണമാണ്.

ടീ ഷർട്ട് ലക്ഷ്യമാക്കി ഒരാൾ തന്റെ കുടയിലേക്ക് നടന്നു വരുമ്പോഴാകും ഭാഗ്യ കച്ചവടക്കാരൻ അയാളുടെ മുൻപിൽ ചാടി വീഴുക. മദ്യ പാനികൾ പൊതുവെ ഭാഗ്യാന്വേഷികൾ ആണെന്നാണ് അക്കൂട്ടരുടെ ധാരണ, കയ്യിലെ ടിക്കറ്റുകൾ നീട്ടി ചില നമ്പറുകൾ എടുത്തു പറഞ്ഞ്, ആ നമ്പറുകൾ കേമമെന്ന് അവരെ ധരിപ്പിക്കും അതോടെ അവർ ലോട്ടറിക്കാരനു വശംവദരാകും; പിന്നെ കയ്യിൽ മിച്ചമുണ്ടാകില്ല. പ്രതീക്ഷയോടെ നിൽക്കുന്ന തന്നെ നോക്കി അവർ ചിറി കോട്ടും, വേണമെങ്കിൽ അതിനെ ചിരി എന്നു പറയാം. നിരാസത്തിന്റെ ഒരു കപട ചേഷ്ട.

കിഴക്കൻ വെയിലിന്റെ കനൽക്കുത്തുകൾ ദേഹം പൊള്ളിച്ചപ്പോൾ അയാൾ തന്റെ നിറം കെട്ട തുണിക്കുട അൽപ്പം ഒരു ആച്ചിന് കിഴക്കു ലക്ഷ്യമാക്കി ഒടിച്ചു വച്ചു. ആഗോള താപനം കൊണ്ടായാലും മരങ്ങൾ വെട്ടി മല ഇടിച്ചതു കൊണ്ടായാലും പണ്ടു കാലങ്ങളെ അപേക്ഷിച്ച് വേനലിനിപ്പോൾ ചൂട് കൂടുതലാണ്; മനുഷ്യൻ പ്രകൃതിയോടു ചെയ്യുന്ന ക്രൂരതയ്ക്കു പ്രകൃതിയുടെ പക പോക്കൽ. സൂര്യനു തന്നോടു പ്രത്യേകിച്ച് എന്തോ വിദ്വേഷമുണ്ടെന്ന്

അയാൾക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. ശരീരം പൊള്ളിക്കുന്നതു കൊണ്ടല്ല ; തീക്ഷണ വെയിലേറ്റാൽ ബനിയനുകളുടെ നിറം മങ്ങും, നിറം കെടുന്നതോടെ അവ വിൽക്കാ ചരക്കുകളാകും. വില കുറച്ചു വിൽക്കാൻ ശ്രമിച്ചാൽപോലും ആരും അതു വാങ്ങില്ല, അതു കൊണ്ടുതന്നെ ഉച്ച സൂര്യനോട് അയാൾക്കും വിദ്വേഷമാണ്.

ഉച്ച തുടങ്ങിയാൽ നാലു മണി വരെ സ്റ്റോറിലേക്ക് വരുന്നവരുടെ എണ്ണം കുറയും. ആളൊഴിഞ്ഞ നേരം കാത്തിരിക്കുന്നവരുടെ നേരമാണത്. അവരാകട്ടെ പെട്ടെന്ന് പ്രത്യക്ഷ പ്പെടുകയും വന്നതു പോലെ അപ്രത്യക്ഷരാകുകയും ചെയ്യും. ആ സമയങ്ങളിൽ എത്തുന്നത് തങ്ങളുടെ മുഖം അനാവരണം ചെയ്യാൻ മടിയുള്ള കൂട്ടരാണ്. അതുകൊണ്ടു തന്നെ അവർ അവിടെ കൂടുതൽ സമയം ചെലവാക്കാനോ, എന്തെങ്കിലും വാങ്ങാനോ മെനക്കെടാറില്ല; അത്തരക്കാർ തന്നോട് ഇതു വരെ ഒരു ബനിയൻ വാങ്ങിയതായി അയാൾക്കും അനുഭവമില്ല. ഒന്നു മുതൽ രണ്ടു വരെ സ്റ്റോറിലുള്ളവർ ഭക്ഷണം കഴിക്കുന്ന നേരമാണ്, അപ്പോഴാണ് അയാളും ഭക്ഷണം കഴിക്കാറ്.. രാവിലെ വീട്ടിൽ നിന്നിറങ്ങുമ്പോൾ അയാളുടെ ഭാര്യ മൂന്നു ചപ്പാത്തിയും അതിനുള്ളിൽ ഒരു മുട്ട ഓംലെറ്റും വച്ച് തിളപ്പിച്ച് ആറ്റിയ ഒരു കുപ്പി വെള്ളവും ഒരു പൊതിയിലാക്കി കൊടുത്തു വിടും, ഒന്നു വിശപ്പടക്കാൻ അതു മതി. എല്ലാദിവസവും ഹോട്ടലിൽ നിന്നു കഴിയ്ക്കാനുള്ള പാങ്ങ് അയാൾക്കില്ല; മാത്രമല്ല, പ്രമേഹമുള്ളതു കൊണ്ട് ചോറ് കുറയ്ക്കുന്നതാണ് നല്ലത് എന്ന ഭാര്യയുടെ കടും പിടുത്തവും. ഇന്നലെ രാത്രി വീട്ടിലെത്തി കുളി കഴിഞ്ഞ് കഴിക്കാനിരുന്നപ്പോഴേ അവൾ പറഞ്ഞു "പിന്നേ, ആട്ടയും മുട്ടയും തീർന്നു, നാളെ പൊതിയില്ല, പോകുന്ന വഴിക്ക് എന്തെങ്കിലും കഴിച്ചോണം, കഴിക്കാതിരിക്കരുത് 'ഷുഗർ കണ്ടമാനമുണ്ട്, അതുകൂടും '

അയാളുടെ ശരീരത്തിനു തളർച്ച ബാധിച്ചു തുടങ്ങിയിരുന്നു.. ഈ നേരം വരെയും ഒരു കുപ്പി വെള്ളം കുടിച്ചുതീർത്തതല്ലാതെ ഒന്നും കഴിച്ചിട്ടില്ല ;കൊടും ചൂടിൽ കുടിച്ചതത്രയും വിയർത്തു പോകുകയും ചെയ്തു. ഉച്ചയ്ക്കു കഴിക്കാനുള്ള പ്രഷറിന്റെ ഗുളിക പോക്കറ്റിൽ കിടക്കുന്നു.

കാലത്തെ വന്നപ്പോൾ തൊട്ട് വല്ലതും കഴിക്കുന്നതിനെക്കുറിച്ച് അയാൾ ചിന്തിക്കാ തിരുന്നില്ല. പക്ഷെ, ബനിയനുകൾ നിരത്തി കഴിഞ്ഞാൽ പിന്നേ പോകുക പ്രയാസമാണ്. ഏതെങ്കിലും ഒരു കാപ്പി കടയിൽ കയറാം. എന്നു വിചാരിച്ചാൽ കുറേ ദൂരം പോകണം. ഒരു പക്ഷെ പോകുമ്പോഴാകും ആവശ്യക്കാർ വരിക,

അതങ്ങനെ ആണല്ലോ.! കാത്തിരുന്നാൽ കിട്ടാത്തത് കാത്തിരിപ്പു കഴിയുമ്പോൾ തേടി വരുന്നതു പോലെ.... ആളില്ലാഞ്ഞാൽ കച്ചവടം മുടങ്ങും. കച്ചവടം പോകട്ടെ എന്നു കരുതി പോകാമെന്നു കരുതിയാലോ..? മടങ്ങി വരുമ്പോഴേക്കും പലതും മോഷണം പോയിരിക്കും; അനുഭവം ഗുരു; അയാൾക്ക് അത്തരം അനുഭവമുണ്ട്. കാലം അത്രയ്ക്കു മോശമാണ്; മോഷ്ടാവിന് ഇല്ലാത്തവനെന്നോ ഉള്ളവനെന്നോ വേർതിരിവോ, ദയാ ദാക്ഷിണ്യമോ ആവശ്യ മില്ലല്ലോ...? എങ്കിലും എന്തെങ്കിലും ഒന്നു കഴിക്കാതെ വയ്യ. അയാൾ കാപ്പിക്കടയിലേക്ക് നടക്കാൻ തുടങ്ങിയതും ആ ഭാഗത്തുനിന്ന് ഒരു പ്രകടന ജാഥ ഇരമ്പി വന്നു. വെളുത്ത ഖാദി വസ്ത്രം ധരിച്ച കുറേ പേർ.. അവർ ബിവറേജ് സ്റ്റോറിനു മുൻപിൽ തടിച്ചു കൂടി, അനന്തരം ആകാശങ്ങളിലേക്ക് മുഷ്ടി ചുരുട്ടി അലറി വിളിച്ചു "മദ്യ നിരോധനം സിന്ദാബാദ് ' അയാൾക്കു ചിരി വന്നു. മുദ്രാവാക്യം വിളിക്കുന്ന പലരും പരിചിതരാണ് ,പലപ്പോഴും ആളൊഴിഞ്ഞ നേരങ്ങളിൽ ഹെൽമെറ്റും മാസ്കും ധരിച്ചെത്തി മദ്യം വാങ്ങി പോകുന്നവർ. .

'വെളുപ്പ് ഇപ്പോൾ പൊയ്മുഖങ്ങളെ സാമൂഹ്യവൽക്കരിക്കുന്നതിനുള്ള മൂടുപടമായി പരിണമിച്ചിരിക്കുന്നു' എന്ന് ആരോ പ്രസംഗിച്ചയാൾ കേട്ടിട്ടുണ്ട്.

തത്വ ശാസ്ത്രങ്ങളുടെ ഒരു ഗതികേട്; അവനവന്റെ ശരികൾ മാത്രമാണു ശരി എന്നു ശഠിക്കുന്നവരുടെ രാജ്യ ശാസ്ത്രം, പിറന്നു വീഴുന്ന അമ്പതു ശതമാനം കുഞ്ഞുങ്ങൾ പോഷകാഹാരമില്ലാതെ രോഗികളായി മരണത്തിനു കീഴ്പ്പെടുമ്പോൾ അയ്യായിരം കോടി മുടക്കി വിവാഹാഘോഷം നടത്തുന്നവരുടെ തത്വ ശാസ്ത്രം.. ശരികൾ മറയ്ക്കാൻ തെറ്റുകളുടെ മതിൽക്കെട്ടുകൾ പണിതുയർത്തുന്നവരുടെ ലജ്ജാകരമായ മാനവ ശാസ്ത്രം.

ആ കവിത അയാളോർത്തു:

'സ്നേഹിക്കയില്ല ഞാൻ
നോവുമാത്മാവിനെ
സ്നേഹിച്ചിടത്തൊരു
തത്വ ശാസ്ത്രത്തെയും
മാനിക്കയില്ല ഞാൻ
മാനവ മൂല്യങ്ങൾ
മാനിച്ചിടാത്തൊരു
നീതി ശാസ്ത്രത്തെയും '....

ഇനി സമരക്കാർ പിരിഞ്ഞു പോകാതെ എവിടെയും പോകാൻ കഴിയില്ല.. അയാൾ തന്റെ വിശപ്പ് വീണ്ടും അടക്കിപ്പിടിച്ചു. .

ഗൾഫിൽ നിന്ന് ആദ്യത്തെ അവധിക്കു വന്നപ്പോഴായിരുന്നു തന്റെ വിവാഹം. ആദ്യമൊക്കെ അവൾ അവളുടെ ബന്ധു മിത്രാദികളോട് അഭിമാന ശബ്ദത്തിൽ പറയുന്നത് അയാൾ പലവുരു കേട്ടിട്ടുണ്ട്, "അങ്ങേര് ഗൾഫിലാ "ഒരു പ്രവാസിയുടെ ഭാര്യയായതിൽ അവൾ വല്ലാതെ സന്തോഷിച്ചിരുന്നു.

നാളുകൾ പോകെ പോകെ അവളുടെ സന്തോഷത്തിനു ഗ്ളാനി സംഭവിക്കുകയും ക്ലാവ് പിടിക്കുകയും നിറം കെട്ടു പോകുകയും ചെയ്തു. അവളുടെ ദൃഷ്ടിയിൽ അയാൾ രണ്ടു വർഷത്തെ ഇടവേളകളിൽ നാട്ടിലെത്തുകയും കരുതിവന്നത് ബന്ധുമിത്രാദികൾക്കു വിതരണം ചെയ്ത് മുപ്പതു നാളുകൾക്കു ശേഷം മടങ്ങുകയും ചെയ്യുന്ന ഒരാൾ മാത്രമായി മാറിയിരുന്നു. സത്യത്തിൽ അവളുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ ഒന്നും തന്നെ സാധിച്ചു കൊടുക്കുവാൻ അയാൾക്കായില്ല. ചിലപ്പോഴൊക്കെ അയാളോർക്കും, ആദ്യരാത്രിയിൽ താൻ അവൾക്കെ ന്തൊക്കെ വാഗ്ദാനങ്ങളാണു നൽകിയത്. .?

വീണടിയുന്ന പ്രതീക്ഷകളുടെ ആഘാതത്തിൽ നിന്നു മനസ്സിനെ മോചിപ്പിക്കുവാനും മുറിവേറ്റ ആ ചിന്തകളിൽ നിന്ന് നിസ്സംഗവും നിരുന്മേഷവുമായ ഒരു പുഞ്ചിരി സദാ ചുണ്ടിൽ സൂക്ഷിക്കുവാനും അപ്പോഴേക്കും അവൾ ശീലിച്ചു കഴിഞ്ഞിരുന്നു.

ഒരേ ഗുണ നിലവാരത്തിലുള്ളതെങ്കിലും ചില ബനിയനുകൾ പെട്ടെന്ന് വിറ്റു പോകുമ്പോൾ ചിലത് നിറം മങ്ങി നരച്ച് ആർക്കും വേണ്ടാതെയാകുന്നു ; ചില മനുഷ്യ ജന്മങ്ങൾ പോലെ, ആരാലും പരിഗണിക്കപ്പെടാതെ. .

"ആ ചുവന്ന ടീ ഷർട്ടിന് എത്രയാ ചേട്ടാ. .?"

ആ ചോദ്യം അയാളെ ചിന്തകളിൽ നിന്നുണർത്തി.

ആഗതൻ വിരൽ ചൂണ്ടിയ ആ ബനിയൻ എടുത്ത് അയാൾക്കു നീട്ടി.

"ഇരുന്നൂറ് '

'അതൊന്നും ശരിയാവില്ല ചേട്ടാ, ഒരു നൂറ്റൻപതു തരാം 'വില പേശാൻ നിൽക്കാതെ അയാൾ ആ ബനിയൻ പൊതിഞ്ഞ് അയാളെ ഏൽപ്പിച്ചു. യഥാർത്ഥത്തിൽ അതിന്റെ മുതൽ മുടക്ക് നൂറ്റി മുപ്പതു രൂപയാണ്, സാരമില്ല ഇരുപതു രൂപാ ലാഭമുണ്ടല്ലോ. .ഒന്നും വിൽക്കാതിരിക്കുന്നതിലും ഭേദമല്ലേ ഒന്നെങ്കിലും വിൽക്കുന്നത്; അതു ലാഭം കുറഞ്ഞിട്ടായാലും. .?

മകൾ അവധിക്കു വീട്ടിൽ വന്നിട്ടുണ്ട്; ബാംഗ്ലൂരിൽ അവൾ പഠിക്കുന്ന നഴ്സിംഗ് കോളേജിലേക്ക് നാളെ രാവിലെ യാത്രയാക്കണം.

അവൾക്കു ഫാഷൻ ഡിസൈനിങ് പഠിക്കാനായിരുന്നു മോഹം, അയാൾക്ക് മകൾ നഴ്സിംഗ് പഠിക്കണമെന്നും, മനസ്സില്ലാ മനസ്സോടെ മകൾ അച്ഛന്റെ താൽപര്യത്തിന് വഴങ്ങുകയായിരുന്നു. അത് ഒരുതരം അടിച്ചേൽപ്പിക്കലായിരുന്നുവോ എന്ന പുനർ ചിന്ത അയാളെ വേദനിപ്പിച്ചിട്ടുണ്ട് അപ്പോഴൊക്കെ അയാൾക്ക് അതിന് ഒരു ന്യായമുണ്ടായിരുന്നു., നഴ്സിംഗ് പഠിച്ചിറങ്ങിയാൽ ജോലിക്കു പ്രയാസപ്പെടേണ്ടി വരില്ല, വിവാഹ കമ്പോളത്തിൽ നല്ല

മതിപ്പുമുണ്ട്; മകളുടെ നല്ല ഭാവി മാത്രമേ  അയാൾ ആഗ്രഹിച്ചുള്ളൂ,  അത് അവൾക്കു ബോധ്യപ്പെട്ടാലും ഇല്ലെങ്കിലും. കിടപ്പാടം പണയപ്പെടുത്തി ഫീസിനങ്ങൾ തരപ്പെടുത്തുമ്പോഴും അയാൾക്കു സന്തോഷമേ ഉണ്ടായി രുന്നുള്ളു; തന്റെ കണ്ണടഞ്ഞാലും മകൾ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തയാകുമല്ലോ. .?!

നാളെ  യാത്രയാക്കുമ്പോൾ ഒരു ആയിരം രൂപയെങ്കിലും അവളുടെ കയ്യിൽ ചുരുട്ടി വച്ചു കൊടുക്കണ്ടേ..? എത്ര നിർദ്ധനനാണെങ്കിലും തന്റെ പിതാവിൽ നിന്ന് ഒരുമകൾ അത്തരം ചെയ്തികൾ തീർച്ചയായും ആഗ്രഹിക്കുന്നുണ്ടാകും. അയാളുടെ പിതൃ ഹൃദയത്തിലേക്ക് ഒരു തേങ്ങൽ കൂടി ഇരച്ചു കയറി സ്ഥാനം പിടിച്ചു; (അല്ലെങ്കിൽ തന്നെ അനവധി അവിടെയുണ്ട്) അയാൾ തന്റെ പോക്കറ്റിൽ തിരഞ്ഞു. ഇപ്പോൾ ബനിയൻ വിറ്റു കിട്ടിയ നൂറ്റി അൻപതും പോക്കറ്റിൽ ഉണ്ടായിരുന്ന അൻപതും ചേർത്താൽ ഇരുന്നൂറ്. പോരാ,....എണ്ണൂറു രൂപ കൂടി ഉണ്ടാകണം. .

സന്ധ്യയായതോടെ കുടിയന്മാരുടെ വരവ് വർദ്ധിച്ചു; അയാളുടെ പ്രതീക്ഷകളും, ആരെങ്കിലും വരാതിരിക്കില്ല....

ആ കൊക്ക് അപ്പോഴും അവിടെതന്നെ നിർന്നിമേഷം കണ്ണ് നട്ട് ഇരിക്കുന്നുണ്ട്. തന്നെപോലെ അതും ചിന്തകളുടെ ഭാണ്ഡം പരതുകയാകുമോ..? മനുഷ്യ രാശിക്കുള്ള വിചാരവികാരങ്ങൾ പക്ഷി മൃഗാദികൾക്കില്ല എന്ന് ആരോ പറഞ്ഞു കേട്ടിട്ടുണ്ട്;. അതു ശരിയാണെന്ന് അയാൾക്കും തോന്നി.കാരണം പ്രതീക്ഷകളുടെ ആ നീരോലിപ്പു വിട്ട് ഒന്നു മാറി പരതാൻ ആ  പക്ഷി എന്തുകൊണ്ട്  ശ്രമിക്കുന്നില്ല.. ...?

യഥാർത്ഥത്തിൽ വിശപ്പും ദാഹവും ദാരിദ്യവുമാണോ  മനുഷ്യരെ തത്വചിന്തകരും വിപ്ലവ കാരികളും യുദ്ധക്കൊതിയന്മാരും ആക്കുന്നത്..? ഒരുപക്ഷെ  തത്വ ചിന്തകരെയും വിപ്ലവകാരികളെയും  ജനിപ്പിക്കുന്നത് അത്തരം ചിന്തകളാകാം, പക്ഷെ  യുദ്ധത്തിന്റെ കാര്യത്തിൽ അതല്ല; പുരാതന കാലത്തെ ധർമ്മ യുദ്ധങ്ങൾ, ആധുനിക  കാലത്ത് അലക്സാണ്ടറുടെയും ഹിറ്റ്ലറിന്റെയും പടയോട്ടങ്ങൾ, റഷ്യ ഉക്രൈനോടു ചെയ്തത്? ഇസ്രയേൽ പലസ്തീനോടു  ചെയ്യുന്നത്,? പട്ടിണിയും ദാരിദ്ര്യവും ഇല്ലാതെയാക്കാനാണോ ..? ഒരിക്കലുമല്ല...  പിടിവിട്ട പട്ടം പോലെ അയാളുടെ ചിന്തകൾ താഴേക്കും മുകളിലേക്കും ലക്ഷ്യ മില്ലാതെ  കിതച്ചും  കുതിച്ചും കൊണ്ടിരുന്നു.

പ്രായത്തെ ദുർവ്യയം ചെയ്ത പ്രവാസ ജീവിതത്തിനു ശേഷം നിസ്വനായി മടങ്ങി വന്ന അയാൾ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ കെട്ടി ആടാത്ത വേഷങ്ങളില്ല. പച്ചക്കറി കച്ചവടക്കാരൻ, മത്സ്യ വിൽപ്പനക്കാരൻ, മൈക്കാട് ജോലിക്കാരൻ, രാത്രി കാവൽക്കാരൻ, ചായക്കട തൊഴിലാളി അങ്ങനെ എന്തെല്ലാം. .?

രോഗിയായ അച്ഛനെ കൂട്ടി വലിയ വലിയ ആശുപത്രികൾ തോറുമുള്ള യാത്രകൾ, ചികിത്സകൾ, ശസ്ത്രക്രിയകൾ ഒരു മകന്റെ ഉത്തരവാദിത്തം. രണ്ട് ഇളയത്തുങ്ങളുടെ വിവാഹം, മൂത്ത സഹോദരന്റെ ഉത്തരവാദിത്തം; ഉത്തരവാദിത്തങ്ങൾക്ക് ഒരു കുറവും വരുത്തിയില്ല. കയ്യിലുണ്ടായിരുന്നതും അതിനപ്പുറവും അയാൾ തന്റെ കുടുംബത്തിനായി ചെലവഴിച്ചു. തന്റെ അപചയത്തിനുള്ള കാരണം അതാണെന്ന് ചില സുഹൃത്തുക്കൾ പറയുന്നു. പക്ഷെ, അതെങ്ങനെ അപചയമാകും? ഒരു വ്യക്തിക്ക് കുടുംബത്തെയും സമൂഹത്തെയും ഒഴിവാക്കി സ്വാർത്ഥതയുടെ ചിതൽ പൂറ്റിനുള്ളിൽ എത്ര നാൾ ഒളിച്ചിരിക്കാനാകും . .? അങ്ങനെ കഴിഞ്ഞാൽ തന്നെ ആ വാല്മീകം ഭേദിച്ചു ഒരു നാൾ പുറത്തുവരുമ്പോൾ അയാളെ ഒരു വാല്മീകിയായി സമൂഹം അംഗീകരിക്കുമോ. ?

"മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നവർ ഒടുവിൽ മടയരാകുകയേ ഉള്ളൂ" എന്ന് അയാളുടെ സ്വാർത്ഥം മന്ത്രിക്കുമ്പോഴൊക്കെ അയാളിലെ ഫിലോസഫർ ഉണരും 'അങ്ങനെയെങ്കിൽ ശ്രീ ബുദ്ധനും ക്രിസ്തുവും ഗാന്ധിയും ഭഗത് സിംഗുമൊക്കെ മടയരായിരുന്നോ. .? തിരകളിൽ തെന്നി മാറുന്ന നൗക പോലെ അയാളുടെ ചിന്തകളും ആടി ഉലഞ്ഞു. എത്ര  ഉലഞ്ഞിട്ടും ഒടുവിൽ അത് അയാളുടെ ജീവിതത്തിന്റെ കൊച്ചു കടവിൽ തന്നെ വന്നടുത്തു കൊണ്ടിരുന്നു.

ഏതു വിഷമ ഘട്ടത്തിലും ആശ്വാസത്തിന് ഒരു നേർ വെളിച്ചമായി അവളുണ്ട്, അവൾ മാത്രം. "ഒക്കെ മാറും നമ്മുടെ കുഞ്ഞുങ്ങൾ വളർന്നു വരട്ടെ, അതു വരെയുള്ള കഷ്ടപ്പാടല്ലേയുള്ളു . .?

മുൻപ് പലപ്പോഴും എന്നതു പോലെ ഇപ്പോഴും അയാൾ തന്റെ ഭാര്യയെക്കുറിച്ച് ഓർത്തു. താൻ ആദ്യമായി അവളെ കാണുമ്പോൾ, എല്ലാം പറഞ്ഞ് ഉറപ്പിച്ചിട്ടും സാമ്പത്തിക പരാധീനത യുടെ പേരിൽ വിവാഹം മുടങ്ങി നിൽക്കുന്ന നിർഭാഗ്യവതിയായ ഒരു സ്ത്രീയായിരുന്നു അവൾ. ഇനി നിന്നാലെങ്ങനെ..? എന്ന് മാതാപിതാക്കൾ വേവലാതി കൊള്ളുന്ന നേരത്താണ് താൻ അവളെ കാണാൻ ചെന്നതും തനിക്കൊപ്പം ഇറങ്ങിത്തിരിക്കാൻ അവൾ തീരുമാനിച്ചതും. അന്നു മുതൽ എല്ലാ ദുഃഖങ്ങളിലും അവൾ ഒപ്പമുണ്ട്; സുഖം എന്ന വാക്കു കൂടി ഒപ്പം ചേർക്കുവാൻ അയാൾ അയാളുടെ ഓർമ്മകൾ ചികഞ്ഞു നോക്കി, ഇല്ല; ഒന്നും തന്നെയില്ല. ഒരു ബലമായി, ഊർജ്ജമായി, ഊന്നുവടിയായി അവൾ ഇല്ലായിരുന്നെങ്കിൽ താൻ ഒരു പക്ഷെ ഇപ്പോൾ ഈ ഭൂമുഖത്തു തന്നെ ഉണ്ടാകുമായിരുന്നില്ല.

മനസ്സ് ദുർബ്ബലമാകുന്നവന്റെ ശരീരവും ദുർബ്ബലമാകും എന്ന ശാസ്ത്ര സിദ്ധാന്തം അയാളെ സംബന്ധിച്ച് നൂറു ശതമാനവും ശരിയായിരുന്നു. ഒന്നു മാറുമ്പോൾ മറ്റൊന്ന്, അല്ലലുകൾ, രോഗങ്ങൾ, കടങ്ങൾ.., ബാധ്യതകൾ.. ജീവിതം തന്നെ വഴി മുട്ടി.

ചെറുതെങ്കിലും ഒരുവരുമാനമില്ലാതെ എങ്ങനെയാണ് ജീവിക്കുക.? ! അതിന് ഒരു തൊഴിൽ വേണം, അതിനും അവൾ തന്നെ വഴിയൊരുക്കി. കുടുംബശ്രീയിലൂടെ എടുത്ത പലിശ രഹിത വായ്പ വച്ചു നീട്ടി അവൾ പറഞ്ഞു "ദേ ഇതു കൊണ്ട് കൊച്ചു കച്ചവടം വല്ലതും. .". അങ്ങനെയാണ് ഈ ടീ ഷർട്ട് കച്ചവടം തുടങ്ങിയത്. കൊച്ചിയിൽ ചെന്നാൽ ബ്രോഡ് വേയിൽ ഗുജറാത്തികളുടെ ബനിയൻ കടകളുണ്ട്; ഇടത്തരം ബനിയനുകൾക്ക് അധിക വിലയില്ല.

അയാളുടെ തൊണ്ട വരണ്ടു തുടങ്ങി... കുറച്ചുവെള്ളം കുടിച്ചിരുന്നെങ്കിൽ.. കുപ്പി വെള്ളം വാങ്ങുകയല്ലാതെ നിവൃത്തിയില്ല. ഒരു കുപ്പി വെള്ളത്തിനു പതിനഞ്ച് രൂപയാകും. ഇരുന്നൂറിൽ നിന്ന് പതിനഞ്ച് എടുത്താൽ നൂറ്റി എൺപത്തി അഞ്ചായി കുറയും. ഏതു വിധേനയും ഇരുന്നൂറ് ആയിരമാക്കാൻ ശ്രമിക്കുന്ന അയാളുടെ മനസ്സ് അപ്പോഴേക്കും ഒരു ലൂബ്ബനായി കഴിഞ്ഞിരുന്നു. കുറേ കൂടി കഴിഞ്ഞാൽ വീട്ടിലെത്തി വെള്ളം കുടിക്കാം എന്ന് അയാൾ ആശ്വസിച്ചു. ഇരുൾ വീണു തുടങ്ങിയിരിക്കുന്നു. ആ വരയൻ കൊക്ക് അവിടെയുണ്ടോ? അയാൾ നോക്കി, ഇന്നിന്റെ വിശപ്പിനെയും ദാഹത്തെയും ആശകളെയും നാളേക്കു പണയപ്പെടുത്തി അത് കൂടണഞ്ഞിരിക്കുമോ..? അതിനും ഒരു ഇണയും രണ്ടു പക്ഷി കുഞ്ഞുങ്ങളും ഉണ്ടാകുമോ..? ഉണ്ടെങ്കിൽ ആ പക്ഷി എന്തുപറഞ്ഞ് അവയെ സമാധാനിപ്പിക്കും? അങ്ങനെ അതിനു പോകാൻ കഴിയുമോ? അയാൾ പിന്നെയും ആ പക്ഷി ഇരുന്നിടത്തേക്ക് സൂക്ഷിച്ചു നോക്കി. അവിടെ വെളുത്ത എന്തോ ഒന്ന് അവശേഷിക്കുന്നുണ്ട് . ആവരമ്പിലൂടെ നടന്നു പോകുന്ന ഒരാൾ ആ വെളുത്ത വസ്തു കയ്യിലെടുത്തു പരിശോധിക്കുന്നതും അതിന്റെ ജഡം ദൂരേക്ക് വലിച്ചെറിയുന്നതും അയാൾ കണ്ടു. നാളെ മുതൽ ആ പക്ഷി അവിടെ ഉണ്ടാകുകയില്ലല്ലോ എന്ന് അയാളുടെ മനസ്സ് വേദനിച്ചു. ഈ ലോകത്ത് താൻ ഏകനായതു പോലെ. കാറ്റ് വീശുന്നതോ സൂര്യൻ അസ്തമിക്കുന്നതോ അയാൾ അറിഞ്ഞില്ല. ഒരു കാള വണ്ടിയിൽ ഒറ്റയ്ക്ക് ഇരിക്കുകയാണയാൾ. വേഗത പോരാ.. വേഗത കൂട്ടാനായി അയാൾ തന്റെ കാളകളെ ചാട്ട വാറു കൊണ്ട് പൊതിരെ തല്ലിത്തുടങ്ങി, കാളകൾ ഇളകിഓടുകയും ചെയ്തു;എന്നിട്ടും വേഗത പോരാ.., വേഗത പോരാ...അയാൾ പരിഭ്രമിക്കുകയും ആശങ്കപ്പെടുകയും കിതയ്ക്കുകയും ചെയ്തു. ചക്രവാളത്തിന്റെ അങ്ങേ തലയ്ക്കൽ നിന്ന് നായ ഓരിയിടുന്നു. ആദ്യം ഒരു നായ ആയിരുന്നെങ്കിൽ ആ ഓരിയിടൽ അനേകം നായകളുടേതായി പെരുകി വന്നു. പൂർവ്വീകർ പറഞ്ഞു പതിപ്പിച്ച ആ പെരും നുണ അയാളുടെ തലച്ചോറിലേക്ക് നുഴഞ്ഞു കയറിച്ചെന്നു. 'മരണം ആരെയോ തേടി വരുന്നു, മരണം വരുമ്പോഴാണ് നായകൾ ഓരിയിടുന്നത്, നായകൾക്ക് മരണത്തെ കാണാനുള്ള ദൃഷ്ടി വൈഭവം ഉണ്ടത്രേ.'

കാലടികൾക്ക് ഒരു തളർച്ച, ഒരു വിറയൽ. ഒച്ചിന്റെ വേഗതയിൽ അതു മുകളിലേക്ക് ഇഴഞ്ഞു തുടങ്ങി, നെഞ്ചോളം എത്തിയ നേരം അയാൾ ശ്വാസം കിട്ടാതെ വിഷമിച്ചു. മൂക്കും

വായയും അടഞ്ഞിരിക്കുന്നു; ഒരു തുള്ളി ശ്വാസത്തിനായി അയാൾ കിതച്ചു. നെറ്റിയിൽ നിന്നു തെറിച്ച വിയർപ്പു തുള്ളികൾ ബനിയനുകളിൽ വീണു പടർന്നു .

അയാളുടെ കണ്ണുകളിൽ ഇരുട്ടു കയറുകയും കാതുകൾ കൊട്ടി അടയ്ക്കുകയും ചെയ്തു. വഴിപോക്കരുടെ ശബ്ദങ്ങൾ ഏതോ ഗുഹയിൽ നിന്നു പ്രതിധ്വനിക്കുന്നു, തനിക്കു ചുറ്റും ഭൂമി വട്ടം തിരിയുന്നു; ഭാരം നഷ്ടപ്പെട്ട ഒരു തൂവൽ പോലെ അയാൾ കുഴഞ്ഞു വീണു. കുടയിൽ പിടിക്കുവാൻ ഒരു ശ്രമം നടത്തിയെങ്കിലും ആ പ്രവൃത്തിയ്ക്കു ബലം നൽകാനാവശ്യമായ വിദ്യുത് സ്പന്ദനങ്ങൾ അയയ്ക്കാനാവാത്ത വിധം അയാളുടെ തലച്ചോർ നിർജ്ജീവമായി കഴിഞ്ഞിരുന്ന; ആ വരയൻ കൊറ്റിയെ പോലെ ഈ ഭ്രമാത്മക ലോകത്തെ സങ്കൽപ്പങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും കൗതുക കാഴ്ചകളും ബാക്കിയാക്കി അയാളും യാത്രയായി, അയാളുടെ ഇടതു കൈ അപ്പോഴും പോക്കറ്റിനു മീതെ പറ്റിയിരുന്നു. കുടയുടെ വിറയലിൽ നിറം മങ്ങിയ ഒരു ബനിയൻ അയാളുടെ മുഖത്തേക്കുതിർന്നു വീണു. അത് അയാളുടെ കണ്ണുകളെ തിരുമ്മിയടയ്ക്കുകയും മുഖം മൂടുകയും ചെയ്തു. ഭൂമിയുടെ അവസാന ചലനം പോലെ അയാളുടെ ഫോൺ ശബ്ദിച്ചു കൊണ്ടിരുന്നു, ഒരു പക്ഷെ അയാളുടെ ഭാര്യ അല്ലെങ്കിൽ മകൾ വിളിക്കുന്നതാകാം. ശബ്ദം കേട്ട് അങ്ങോട്ടു നോക്കിയവർക്ക് അയാൾ മദ്യപിച്ചു ബോധംകെട്ട് വഴിയിൽ വീണു കിടക്കുന്നതായേ തോന്നിയുള്ളു. ആരോ പറയുകയും ചെയ്തു ' ബോധം തെളിയുമ്പോൾ എഴുന്നേറ്റു പൊയ്ക്കൊള്ളും '

ജീവിച്ചിരുന്നപ്പോൾ എന്നതു പോലെ മരിച്ചപ്പോഴും ആരാലും പരിഗണിക്കപ്പെടാതെ അയാളുടെ ജഡം അവിടെ കിടന്നു ; ആരെങ്കിലും വരും എന്ന പ്രതീക്ഷയിൽ..

.......................